# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5705 03.11.2016-ൽ മറുപടിക്ക്

## ഇ-ലേലം വഴി തടി വിൽപ്പന

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.മഞ്ഞളാംകുഴി അലി : | അഡ്വ.കെ.രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ മന്ത്രി) |
| എ) വനം വകുപ്പിന്റെ കീഴിലുള്ള തടി ഇ-ലേലം വഴി വിൽപ്പന നടത്തുന്നതിന് ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്; വിൽപ്പനയുടെ എത്ര ശതമാനമാണ് പ്രസ്തുത ഏജൻസിക്ക് നൽകേണ്ടതെന്ന് അറിയിക്കുമോ; | (എ) കേന്ദ്രസർക്കാരിനു കീഴിലുള്ള പൊതു മേഖലാ സ്ഥാപനമായ മെസ്സേഴ്സ് എം.എസ്.റ്റി.സി.ലിമിറ്റഡ്-നെയാണ് വനം വകുപ്പിലെ ഇ-ലേലം നടത്തുന്നതിന് ചുമതലപ്പെടുത്തിയിരിക്കുന്നത്.<br>വിൽപനവിലയുടെ 0.8% ആണ് സർവ്വീസ് ചാർജ്ജ് ഇനത്തിൽ (നികുതികൾക്കു പുറമെ)എം.എസ്.റ്റി.സി. ലിമിറ്റഡ്-ന് നൽകുന്നത്. |
| ബി) ഇത്തരം വിൽപ്പനയ്ക്കുള്ള തടികൾ ശരിയായ രീതിയിൽ സൂക്ഷിക്കാത്തതു കാരണം നശിക്കുന്ന സാഹചര്യം നിലവിലുണ്ടോ; ഉണ്ടെങ്കിൽ ആയത് ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) വിൽപ്പനയ്ക്കുള്ള തടികൾ ശരിയായ രീതിയിൽ സൂക്ഷിക്കാത്തതു കാരണം നശിക്കുന്ന സാഹചര്യം നിലവിൽ ഇല്ല. |

. . . .2)

| | |
|---|---|
| സി) ഗുണനിലവാരം കുറഞ്ഞ തടികൾ വിറ്റുപോകാത്ത സ്ഥിതിവിശേഷം നിലവിലുണ്ടോ; ഉണ്ടെങ്കിൽ ഇത്തരത്തിൽ നശിക്കുന്ന തടികൾ പ്രത്യേകം ലോട്ടുകളായി തിരിച്ച് പുനർ ലേലം ചെയ്യുന്നതിനും തടികൾ നശിക്കുന്ന സാഹചര്യം ഒഴിവാക്കുന്നതിനും നടപടി സ്വീകരിക്കുമോ? | (സി) ഗുണനിലവാരം കുറഞ്ഞ തടികൾ വിറ്റുപോകാത്ത സാഹചര്യം നിലവിലില്ല. തടികൾ അവയുടെ ഗുണനിലവാരമനുസരിച്ച് തരം തിരിച്ച് പ്രത്യേക ലോട്ടുകളായി ലേലത്തിൽ വയ്ക്കുകയും വിറ്റുപോകാൻ താമസം വരുന്നവ അധികശ്രമം നടത്തി വിൽപന നടത്തുകയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ